കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - അട്ടപ്പാടി മേഖലയിൽ തദ്ദേശഭരണസ്ഥാപനങ്ങളും മറ്റ സർക്കാർ വകുപ്പുകളും നടപ്പാക്കി വരുന്ന പദ്ധതി പ്രവർത്തനങ്ങളിൽ കുടുംബശ്രീ അട്ടപ്പാടി സ്പെഷ്യൽ പദ്ധതിയുടെ ഭാഗമായ ബ്ളോക്ക് സമിതിയുടെ നേതൃത്വത്തിലുള്ള ലേബർ ബാങ്കിൽ നിന്നും യോഗ്യതയുള്ള അംഗങ്ങളെ ആവശ്യാനുസരണം ഉൾപ്പെടുത്താൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.2278/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 05.07.2017

---

വായന :- 1) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 11.04.2017 ലെ 2596/2/2013/KSHO നമ്പർ കത്ത്

2) 12.04.2017-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ യോഗത്തിന്റെ 15.2 നംപർ തീരുമാനം

## ഉത്തരവ്

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ, മുകളിൽ ഒന്നാമതായി വായിച്ച അപേക്ഷ 12/04/2017-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരിശോധിക്കുകയുണ്ടായി. ആയതിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അട്ടപ്പാടി മേഖലയിൽ തദ്ദേശഭരണസ്ഥാപനങ്ങളും മറ്റ സർക്കാർ വകുപ്പുകളും നടപ്പാക്കി വരുന്ന പദ്ധതി പ്രവർത്തനങ്ങളിൽ കുടുംബശ്രീ അട്ടപ്പാടി സ്പെഷ്യൽ പദ്ധതിയുടെ ഭാഗമായ ബ്ളോക്ക് സമിതിയുടെ നേതൃത്വത്തിലുള്ള ലേബർ ബാങ്കിൽ നിന്നും യോഗ്യതയുള്ള അംഗങ്ങളെ ആവശ്യാനുസരണം ഉൾപ്പെടുത്താൻ അനുമതി നൽകിയും അട്ടപ്പാടി, മണ്ണാർക്കാട് ബ്ളോക്ക് മേഖലയായിരിക്കും ലേബർ ബാങ്കിന്റെ സർവ്വീസ് ഏരിയയെന്ന് നിശ്ചയിച്ചും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ